നമ്പർ 293/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി പ. സഭയെ നയിച്ച ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സിലെ 31-ാം ശ്രാദ്ധപ്പെരുന്നാൾ 2007 ഡിസംബർ മാസം 7, 8 (വെള്ളി, ശനി) തീയതികളിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ നടത്തപ്പെടുന്നതാണ്. 7-ാം തിയതി വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് ആരംഭിക്കുന്ന സന്ധ്യാ നമസ്കാരത്തിലും, പ്രദിക്ഷിണത്തിലും 8-ാം തിയതി ശനിയാഴ്ച രാവിലെ 8 മണിക്കുള്ള വി. മൂന്നിന്മേൽ കുർബ്ബാനയിലും നിങ്ങളേവരും നേർച്ച കാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താല്പര്യപ്പെടുന്നു. സഭയ്ക്കുവേണ്ടി ജീവൻ അർപ്പിച്ച് സഭയെ സുധീരം നയിച്ച പ. ഔഗേൻ ബാവാ തിരുമേനിയുടെ പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ ഏവർക്കും കടമയുണ്ടെന്ന് നാം പ്രത്യേകം ഓർമിപ്പിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.

2007 നവംബർ മാസം 13 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.